**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 384** **19-03-2025 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി അഴിമുഖത്തെ മണൽ നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറക്കല്ല് കൊണ്ടുപോകുന്നതിന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് മുതലപ്പൊഴി അഴിമുഖം ഉപയോഗിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൽ ഒരു ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് M/s അദാനി പോർട്ട്സ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 10/04/2018 ൽ ധാരണപത്രത്തിൽ ഒപ്പുവെക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഭാഗമായുള്ള പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിച്ച് കല്ലുകൾ വിഴിഞ്ഞത്തേയ്ക്ക് കൊണ്ട് പോയിട്ടുണ്ട്. |
| (ബി) | ആയതിനുപകരമായി മുതലപ്പൊഴി അഴിമുഖത്തെ സോയിൽ പൈപ്പിംഗും ഡ്രെഡ്ജിംഗും നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നോ; | (ബി) | മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിംഗ് നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിട്ടില്ല. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s അദാനി പോർട്സുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 10/04/2018 ൽ ഒപ്പുവെച്ച ധാരണപത്ര പ്രകാരം M/s അദാനി പോർട്ട്സ് അഴിമുഖത്ത് 5 മീറ്റർ ആഴം ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.<br><br>ടി ധാരണാപത്രത്തിന്റെ കാലാവധി 09/04/2021 ൽ അവസാനിച്ചിരുന്നു. വിഴിഞ്ഞം അന്തരാഷ്ട്ര തുറമുഖ |

നിർമ്മാണം 2021 ലും പൂർത്തിയാകാത്തതിനാൽ കല്ലുകൾ കൊണ്ട് പോകുന്നതിനായി ലോഡ് ഔട്ട് ഫെസിലിറ്റി തുടർന്നും ഉപയോഗിക്കേണ്ടി വന്ന സാഹചര്യത്തിൽ 3 വർഷത്തേയ്ക്ക് കൂടി ധാരണാപത്രത്തിന്റെ കാലാവധി നീട്ടി നൽകി 12/04/2021 ൽ കരാർ ഭേഗഗതിയിൽ ഏർപ്പെട്ടു. ടി കാലാവധിയിലും M/s. അദാനി പോർട്സിനു ധാരണാപത്ര പ്രകാരമുള്ള ആഴം കൈവരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കാലാവധി 11/06/2024 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകിയിരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുള്ള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി മുറിച്ച് മാറ്റിയ പുലിമുട്ട് AVPPL മുഖേന പുന:സ്ഥാപിച്ചിട്ടുണ്ട്.

2018 മുതൽ 2024 വരെ പൂർണ്ണമായിട്ടല്ലെങ്കിലും ചാനലിൽ നിന്നും, അഴിമുഖത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗികമായി അദാനി പോർട്ട്സ് നിർവ്വഹിക്കുകയുണ്ടായി. എന്നാൽ 5 മീറ്റർ ആഴം പൂർണ്ണമായും ഉറപ്പാക്കാൻ AVPPL -ന് സാധിക്കാത്തതിനെ തുടർന്ന് മന്ത്രിതലത്തിലും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും നിരന്തരം നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡ്രഡ്ജിംഗ് നടത്തുന്നതിനും അതിന് ആവശ്യമായ തുക AVPPL ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി AVPPL -ന് നൽകി. 18/12/2024 -ന് ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ AVPPL -ൽ നിന്നും ഫണ്ട് ലഭിക്കും എന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദർഘാസ് ക്ഷണിക്കുകയും M/S RTF Infrastructure Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനുള്ള തുക കണക്കാക്കി ഇൻവോയ്സ് 25/02/2025 -ന് AVPPL -ന് നൽകിയിരുന്നു. മന്ത്രിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരമായി നടത്തിയ ഇടപെടലുകളെ തുടർന്ന് ഉടൻ തന്നെ തുക അനുവദിക്കുന്നതാണെന്ന് 08/03/2025 തീയതിയിലെ കത്ത് പ്രകാരം AVPPL അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ്

| | | | |
|---|---|---|---|
| | | | നൽകി കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത ഉറപ്പ് നാളിതുവരെ പാലിച്ചിട്ടില്ല എന്നത് വസ്തുതയാണോ; | (സി) | മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിംഗ് നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിട്ടില്ല. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s അദാനി പോർട്സുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 10/04/2018 ൽ ഒപ്പുവെച്ച ധാരണപത്ര പ്രകാരം M/s അദാനി പോർട്സ് അഴിമുഖത്ത് 5 മീറ്റർ ആഴം ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.<br><br>ടി ധാരണാപത്രത്തിന്റെ കാലാവധി 09/04/2021 ൽ അവസാനിച്ചിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം 2021 ലും പൂർത്തിയാകാത്തതിനാൽ കല്ലുകൾ കൊണ്ട് പോകുന്നതിനായി ലോഡ് ഔട്ട് ഫെസിലിറ്റി തുടർന്നും ഉപയോഗിക്കേണ്ടി വന്ന സാഹചര്യത്തിൽ 3 വർഷത്തേയ്ക്ക് കൂടി ധാരണാപത്രത്തിന്റെ കാലാവധി നീട്ടി നൽകി 12/04/2021 ൽ കരാർ ഭേഗഗതിയിൽ ഏർപ്പെട്ടു. ടി കാലാവധിയിലും M/s. അദാനി പോർട്സിനു ധാരണാപത്ര പ്രകാരമുള്ള ആഴം കൈവരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കാലാവധി 11/06/2024 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകിയിരുന്നു.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുള്ള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി മുറിച്ച് മാറ്റിയ പുലിമുട്ട് AVPPL മുഖേന പുന:സ്ഥാപിച്ചിട്ടുണ്ട്.<br><br>2018 മുതൽ 2024 വരെ പൂർണ്ണമായിട്ടല്ലെങ്കിലും ചാനലിൽ നിന്നും, അഴിമുഖത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗികമായി അദാനി പോർട്ട്സ് നിർവ്വഹിക്കുകയുണ്ടായി. എന്നാൽ 5 മീറ്റർ ആഴം പൂർണ്ണമായും ഉറപ്പാക്കാൻ AVPPL -ന് സാധിക്കാത്തതിനെ തുടർന്ന് മന്ത്രിതലത്തിലും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും നിരന്തരം നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡ്രഡ്ജിംഗ് നടത്തുന്നതിനും അതിന് ആവശ്യമായ തുക AVPPL ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. |

| | | | |
|---|---|---|---|
| | | | തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി AVPPL -ന് നൽകി. 18/12/2024 -ന് ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ AVPPL -ൽ നിന്നും ഫണ്ട് ലഭിക്കും എന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദർഘാസ് ക്ഷണിക്കുകയും M/S RTF Infrastructure Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനുള്ള തുക കണക്കാക്കി ഇൻവോയ്സ് 25/02/2025 -ന് AVPPL -ന് നൽകിയിരുന്നു. മന്ത്രിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരമായി നടത്തിയ ഇടപെടലുകളെ തുടർന്ന് ഉടൻ തന്നെ തുക അനുവദിക്കുന്നതാണെന്ന് 08/03/2025 തീയതിയിലെ കത്ത് പ്രകാരം AVPPL അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മണ്ണ് നീക്കം ചെയ്യുവാൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് പണം നൽകാത്തതിനാൽ മണൽ നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിക്കാനാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മുതലപ്പൊഴി അഴിമുഖത്ത് സോയിൽ പൈപ്പിംഗ് നടത്തുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സർക്കാരിന് രേഖാമൂലം ഉറപ്പ് നൽകിയിട്ടില്ല. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s അദാനി പോർട്സുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 10/04/2018 ൽ ഒപ്പുവെച്ച ധാരണപത്ര പ്രകാരം M/s അദാനി പോർട്സ് അഴിമുഖത്ത് 5 മീറ്റർ ആഴം ഉറപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.<br><br>ടി ധാരണാപത്രത്തിന്റെ കാലാവധി 09/04/2021 ൽ അവസാനിച്ചിരുന്നു. വിഴിഞ്ഞം അന്തരാഷ്ട്ര തുറമുഖ നിർമ്മാണം 2021 ലും പൂർത്തിയാകാത്തതിനാൽ കല്ലുകൾ കൊണ്ട് പോകുന്നതിനായി ലോഡ് ഔട്ട് ഫെസിലിറ്റി തുടർന്നും ഉപയോഗിക്കേണ്ടി വന്ന സാഹചര്യത്തിൽ 3 വർഷത്തേയ്ക്ക് കൂടി ധാരണാപത്രത്തിന്റെ കാലാവധി നീട്ടി നൽകി 12/04/2021 ൽ കരാർ ഭേഗഗതിയിൽ ഏർപ്പെട്ടു. ടി കാലാവധിയിലും M/s. അദാനി പോർട്സിനു ധാരണാപത്ര പ്രകാരമുള്ള ആഴം കൈവരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കാലാവധി 11/06/2024 വരെ വീണ്ടും ദീർഘിപ്പിച്ച് നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുളള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി മുറിച്ച് മാറ്റിയ പുലിമുട്ട് AVPPL മുഖേന പുന:സ്ഥാപിച്ചിട്ടുണ്ട്.<br><br>2018 മുതൽ 2024 വരെ പൂർണ്ണമായിട്ടല്ലെങ്കിലും ചാനലിൽ നിന്നും, അഴിമുഖത്ത് നിന്നും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗികമായി അദാനി പോർട്ട്സ് നിർവ്വഹിക്കുകയുണ്ടായി. എന്നാൽ 5 മീറ്റർ ആഴം പൂർണ്ണമായും ഉറപ്പാക്കാൻ AVPPL -ന് സാധിക്കാത്തതിനെ തുടർന്ന് മന്ത്രിതലത്തിലും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും നിരന്തരം നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഡ്രഡ്ജിംഗ് നടത്തുന്നതിനും അതിന് ആവശ്യമായ തുക AVPPL ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി AVPPL -ന് നൽകി. 18/12/2024 -ന് ചേർന്ന മന്ത്രിതല യോഗത്തിലെ തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ AVPPL -ൽ നിന്നും ഫണ്ട് ലഭിക്കും എന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദർഘാസ് ക്ഷണിക്കുകയും M/S RTF Infrastructure Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനുള്ള തുക കണക്കാക്കി ഇൻവോയ്സ് 25/02/2025 -ന് AVPPL -ന് നൽകിയിരുന്നു. മന്ത്രിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരമായി നടത്തിയ ഇടപെടലുകളെ തുടർന്ന് ഉടൻ തന്നെ തുക അനുവദിക്കുന്നതാണെന്ന് 08/03/2025 തീയതിയിലെ കത്ത് പ്രകാരം AVPPL അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ